"കാരുണ്യ വാരിധെ! മാരുതിയിന്നിപ്പോൾ
പാരാതെയെത്തിടും നിസ്സംശയം".
ഇച്ചൊന്നവാൎത്തയെ കേട്ടിട്ടങ്ങെല്ലാരു-
മുച്ചത്തിൽ പൊട്ടിച്ചിരിച്ചു പോയി.
സാമൎത്ഥ്യമേറുന്ന കൃഷ്ണനുരച്ചിതു
"ആമഹാൻമാരുതിവന്നു,പോയി
നിന്നുടെയുള്ളിലുദിച്ചോരു ഗൎവ്വത്തെ-
യൊന്നമൎത്തിടുവാൻ വേണ്ടിയത്രെ
ഇപ്പണി ചെയ്തതു പക്ഷിവൃന്ദോത്തമ!
ഇപ്പോൾനിൻ ഡംഭൊട്ടടങ്ങിയില്ലെ?
'എന്നോളം വേഗംമററാൎക്കുമിന്നില്ലെന്നു'
നിന്നുള്ളിൽ തോന്നിയതിന്നുതീൎന്നു.
ഈവിദ്യ കൊണ്ടാഗരുഡൻെറ ഗൎവ്വതു
ദേവകീനന്ദനൻ തീൎത്തതോൎക്കിൽ
ഈവിധമാണല്ലൊ നമ്മുടെയും ഡംഭാ-
ഗോവിന്ദൻ മാററുന്നതെന്തുചിത്രം!

വി. യം. ഗോവിന്ദൻകുട്ടി മേനോൻ,
സ്കൂൾഫൈനൽ വിദ്യാൎത്ഥി.

# സ്ത്രീ വിദ്യാഭ്യാസം.

നമ്മുടെ സംസ്ഥാനത്തിൽ വിദ്യാഭ്യാസമുള്ള പുരുഷന്മാരുടെ, വിശേഷിച്ചുസ്ത്രീകളുടെ, സംഖ്യ വർദ്ധിച്ചുകൊണ്ടിരിക്കുന്നതിൽ നമുക്കു അഭിമാനത്തിന്നവകാശമുണ്ടല്ലോ. ഇതര രാജ്യങ്ങളിലുള്ള സ്ത്രീകളെ അപേക്ഷിച്ചു കേരളീയ സ്ത്രീകളുടെ നില വളരെ ഉയർന്നതാണെന്നു നിസ്സംശയം പറയാം. എല്ലായ്പോഴും വലിയ സ്വാതന്ത്ര്യവും സ്വാധീനശക്തിയും അവർക്കു ലഭിച്ചിട്ടും ഉണ്ടു്. അതിനാൽ വിദ്യാഭ്യാസത്തിൽ ക്ഷണേനയുള്ള അഭിവൃദ്ധി അവർക്കുണ്ടായി. ഭാരതീയ വനിതികളുടെ വിദ്യാഭ്യാസ വിഷയകമായ ആലോചനകൾക്കു കേരളത്തിലുള്ള സ്ത്രീകൾ വിശേഷതരമായ ഒരു ശക്തിയെ ഉളവാക്കികൊടുക്കേണ്ടുന്ന മുറ അവർക്കുള്ളതാകുന്നു. അവരുടെ പ്രത്യേകമായ അവകാശം മുഖേന അവരിൽ പ്രതിഷ്ഠിതമായ ധർമ്മത്തെ ഗ്രഹിച്ചു ഉന്മേഷത്തോടുകൂടി അവർ മേല്പറഞ്ഞ മുറയെ അനുഷ്ഠിക്കേണ്ടതാണു.

ഭാരതഖണ്ഡത്തിലെ ബാലികമാർക്കു പേരിനുള്ള വിദ്യാഭ്യാസമല്ല, പ്രത്യുത, യഥാർത്ഥമായ വിദ്യാഭ്യാസമാണു് ലഭിക്കേണ്ടത്. വിദ്യാഭ്യാസത്തിന്റെ ഫലമായി ബാലികമാർ അവരുടെ ഗൃഹകാര്യങ്ങളിൽ അലസതയോ, അവജ്ഞയോ, കൈക്കൊള്ളുകയാണു ചെയ്യുന്നതെങ്കിൽ അതിന്റെ മഹത്തായ ഉദ്ദേശത്തെ അതു പരാജയപ്പെടുത്തിയിരിക്കുന്നു എന്നു അനുമാനിക്കേണം. അസാധാരണ സാമർത്ഥ്യമുള്ള കുറെ ബാലികമാരെ ഉദ്യോഗങ്ങളിൽ പ്രവേശിപ്പിക്കുവാൻ തെയ്യാറാക്കുന്നത്, സാധാരണ ബാലികമാരെ നല്ല ഭാര്യമാരും മാതാക്കളുമാവുന്നതിന്നു തെയ്യാറാക്കുന്നതിനെക്കാൾ പ്രാധാന്യം കുറഞ്ഞതാണു്. സ്വന്തം ഗൃഹാംഗങ്ങളുടെ ഇടയിൽ ഒരു ശക്തിയും, ഉന്മേഷവും ഉണ്ടാക്കത്തക്ക വിധം പരിശുദ്ധമായ ഒരന്തരിക്ഷത്തെ സൃഷ്ടിക്കുവാൻ വിദ്യാഭ്യാസമുള്ള ഒരു സ്ത്രീക്കു പ്രാപ്തിയുണ്ടായിരിക്കേണ്ടതാണു്. ഈ കാരണത്താൽ ഗാർഹികശാസ്ത്രം, കലാവിദ്യകൾ, കരകൗശലങ്ങൾ, സമുദായസേവനം, മാതൃത്വം എന്നിവയിൽ ബാലികമാർക്കു പരിശീലനം ഉണ്ടാകത്തക്കവിധം, പാഠപദ്ധതിയിൽ വേണ്ടത്തക്ക വ്യവസ്ഥകൾ ചെയ്യണം. ഗൃഹങ്ങളിൽ മാതാപിതാക്കന്മാരും ബന്ധുജനങ്ങളും വിദ്യാർത്ഥികളുടെ സ്വഭാവരൂപീകരണവിഷയത്തിൽ ശ്രദ്ധിക്കണം. എവിടെ താമസിച്ചു പഠിക്കുന്നതായാലും ബാലികമാർക്കു ആദർശോചിതമായ പരിശീലനം നൽകേണ്ടതാണു.

വിദ്യാഭ്യാസം ലഭിച്ച യുവതികൾ വിദേശീയരുടെ നല്ല നല്ല ആചാരങ്ങളേയും

സമ്പ്രദായങ്ങളേയും അനുകരിക്കണം. അന്യദേശങ്ങളിലുള്ള വനിതകളുടെ അപരിമിതമായ സ്വാതന്ത്ര്യസ്വഭാവം നമ്മുടെ സ്ത്രീകൾക്കു അനുകരണയോഗ്യമാണെന്നു തോന്നുന്നില്ല. പ്രാചീനകാലത്തു പരിഷ്കൃതരാജ്യങ്ങളിലും, അപരിഷ്കൃതരാജ്യങ്ങളിലും സ്ത്രീകൾക്കു സമുദായമദ്ധ്യത്തിലുണ്ടായിരുന്ന സ്ഥിതി ഒന്നു വേറെതന്നെ ആയിരുന്നു.

ആ നിലയിൽനിന്നു സ്ത്രീ സമുദായത്തിന്നു സമുദായത്തിലും രാഷ്ട്രത്തിലും സിദ്ധിച്ചിട്ടുള്ള ഉയൎച്ച അനല്പമാണെന്നു തീൎച്ചയായും പറയാം. എന്നാൽ ആധുനിക വനിതകളുടെ ഗതി ശരിയായ മാൎഗ്ഗത്തിലൂടെയാണൊ എന്നറിയുന്നില്ല. വസ്ത്രധാരണത്തിലും 'തലമുറിക്കുന്ന'തിലും മററും അവർ കാട്ടുന്ന ഗോഷ്ടികൾ യഥാൎത്ഥപരിഷ്കാരം തന്നെയാണൊ എന്നു സംശയമാണ്. ഗാൎഹികജീവിതത്തിലെ ക്ലേശങ്ങളെ പരിത്യജിച്ചു സംതൃപ്തിനേടുവാൻ പലരും ഉഴലുന്നു. ചില രാജ്യങ്ങളിൽ സ്ത്രീകൾ വിവാഹത്തെത്തന്നെ വെറുക്കുന്നുണ്ടത്രെ. അവിടെ വിവാഹങ്ങളെക്കാൾ വിവാഹമോചനങ്ങളുടെ സംഖ്യ വൎദ്ധിച്ചു കാണുന്നു. അവർ മാതൃത്വത്തിൽ നിന്നും വിട്ടുമാറി ജീവിക്കുന്നു.

രാഷ്ട്രീയവും സാമുദായികവുമായ പുരോഗതിയിൽ സ്ത്രീകൾക്കു സ്ഥാനമുണ്ടായിരിക്കരുതെന്നല്ല ഈ പറഞ്ഞതിൻെറ സാരം. വിദ്യാഭ്യാസ സ്ഥാപനങ്ങളിലും, ദേശീയ പ്രസ്ഥാനങ്ങളിലും, പോക്കളത്തിൽപോലും സ്ത്രീകൾക്കു സ്ഥാനമുണ്ട്. എന്നാൽ അവർ ഇടപെടുന്ന കാൎയ്യങ്ങളിലെല്ലാം അവൎക്കു നിൎദ്ദേശിച്ചിട്ടുള്ള പരിധിയിൽ നിന്നു വിട്ടു പോകരുതെന്നേ പറയുന്നുള്ളു.

സ്ത്രീ വിദ്യാഭ്യാസത്തിൽ ഇപ്പോൾ വലിയ ഉയൎച്ച വന്നിട്ടുണ്ട്. അതുമൂലം ഉന്നത വിദ്യാഭ്യാസം സമ്പാദിച്ചു, ഇപ്പോൾ തൊഴിലില്ലാതെ ഇരിക്കുന്ന സ്ത്രീകൾ വളരെയുണ്ട്. ഉന്നത വിദ്യാഭ്യാസം അത്യാവശ്യംതന്നെ. പക്ഷെ തൊഴിലില്ലായ്മ വൎദ്ധിപ്പിക്കുവാൻ സ്ത്രീകൾക്കൂടി സഹായിക്കുന്നതു കഷ്ടമാണ്. ഇങ്ങിനെ തൊഴിലില്ലാത്ത സ്ഥിതിയെ ആലോചിക്കുമ്പോൾ സ്ത്രീകളെ മാതാക്കളൊ ഗൃഹണികളോ ആക്കാനാണ് പഠിപ്പിക്കേണ്ടതു എന്നു തോന്നിപ്പോകും. ബിരുദധാരികളായ അനേകം പുരുഷന്മാർ തന്നെ ഇപ്പോൾ ഉദ്യോഗം ലഭിക്കുവാൻ യാതൊരു മാൎഗ്ഗവും കാണാത്തതിനാൽ ഗതിവരാത്ത പ്രേതങ്ങളെപ്പോലെ അലഞ്ഞു നടക്കുകയാണ് ചെയ്യുന്നത്. സ്ത്രീകൾക്കൂടി മത്സരിച്ചാൽ അവരുടെ സ്ഥിതി പൂൎവ്വാധികം ശോചനീയമായിത്തീരുന്നതാകുന്നു. അതുകൊണ്ടു സ്ത്രീകളുടേയൊ അഥവാ പുരുഷന്മാരുടേയൊ വിദ്യാഭ്യാസസമ്പ്രദായത്തിൽ ഉപകാരകരങ്ങളായ പരിഷ്കാരങ്ങളെ അവിളംബം വരുത്തേണ്ടതാണെന്നു തോന്നുന്നു.

വി. രാഘവമേനോൻ,

(പൂൎവ്വവിദ്യാൎത്ഥി)

# 'രാജദംപതികൾ.'

(മഞ്ജരി.)

കാലത്തു കാപ്പി കഴിഞ്ഞു ഞാൻ വേഗത്തിൽ
പാഠമുരുവിടാനാരംഭിക്കേ ;
എന്തെന്തുവിതന്നിൽ പതിച്ചു സമുദ്രത്തിൻ
പാഠമുരുവിടൽ വീണ്ടും, വീണ്ടും.
ചിത്തം കുളിർത്തു; സഹപാഠിയേകനെ-
ക്കിട്ടിയാലാരാരുതോഷിക്കില്ല ?
ചുററുമെൻകണ്ണതാ വീണ്ടും തിരയുന്നു
കൂട്ടരേക്കിട്ടുവാനാശയോടേ !
കോടിയാ,യ്ക്കോടിയായത്ഥം ലഭിപ്പോനും
വീണ്ടും പണിയുന്നു കാശു നേടാൻ !!
എൻകണ്ണു പോയ്ചെന്നു ചുററിത്തഴച്ചുകൊ-
ണ്ടങ്ങണേ നില്ക്കുന്നോരൊട്ടുമാവിൻ
പച്ചവില്ലീസിനാൽ നിമ്മിതമായുള്ള
മുത്തുകുടയിലലുക്കുപോലെ,
സ്വച്ഛമാകുംമഴത്തുള്ളികൾ ശോഭിച്ചു
നില്ക്കുമാപ്പച്ചിലക്കൂട്ടങ്ങളിൽ.

II

പോരുമോ ? യെന്നൊരു ഗാനമരന്ദത്തിൻ
ബിന്ദുവെൻകണ്ണത്തിലാപതിച്ചു.
വീണ്ടുമെൻ നേത്രങ്ങൾ വെമ്പിത്തുടങ്ങിയ-
ഗ്ഗീതമരന്ദത്തിൻ സൂനം കാണ്മാൻ !
കാവ്യസമുച്ചയം കണ്ടുരസിക്കവേ
കാവ്യരചനയിലാശ വീണു !!
''മാനുഷക്കെന്നല്ല ജീവികൾക്കൊക്കവേ-
യാശനശിക്കുന്നില്ലല്ലോ മററം,''
എന്നല്ലീ ഛേദിപ്പൂ, മേലോട്ടു നോക്കിക്കൊ-
ണ്ടച്ചെറുപുല്ലുകൾ കണ്ണീരോടെ ?
എന്തിതു ? പച്ചിലകൊണ്ടു പുതച്ചുള്ള
കല്പതരുതൻെറ ചെന്തളിരോ ?

അല്ല, ല്ല, മൽപ്രകൃത്യംബികാ തന്നുടെ
ശില്പവൈദഗ്ദ്ധ്യത്തിൻ നൃത്തരംഗം-
സുന്ദരമായ-സുകുമാരമായുള്ള
വസ്തുവിശേഷസമുച്ചയത്താൽ,
തന്മനോധർമ്മത്തിൻ—ഭാവനാശക്തിതൻ
സഞ്ചിയഴിച്ചു നിർമ്മിച്ച രൂപം.
മാവാകുംസൌധത്തിൽ, ചില്ലയാംപൂമച്ചിൽ,
പച്ചപ്പട്ടാലുള്ള മെത്തയിങ്കൽ,
സല്ലാപം ചെയ്യുന്ന പക്ഷിമിഥുനങ്ങൾ-
ഗാർഹസ്ഥ്യതത്വജ്ഞർ — ദംപതികൾ.
"കണ്ടുപഠിക്കട്ടെ, മാനുഷവർഗ്ഗങ്ങൾ,
കാമാർത്ഥം ദാംപത്യം സ്വീകരിച്ചോർ,"
മിന്നലാംകണ്ണിനാൽ സൂക്ഷിച്ചുനോക്കിക്ക-
ണ്ടോതിയീവാക്യമിടികളുച്ചം.

III

കൊത്തുന്നുമാമ്പഴം ; കൊക്കിൽനിറക്കുന്നു;
കാന്താസമീപത്തു ചെന്നിടുന്നു ;
പിന്നീടവളുടെ കൊക്കിൽ കൊടുക്കുന്നു.
വീണ്ടും തുടരുന്നിതിക്രമത്തിൽ.
മാതാവേ! നിന്നുടെ സന്താനം തന്നേയോ
മാതൃശുശ്രൂഷക—രിപ്പുഗങ്ങൾ ?
അല്ലെങ്കി,ലമ്മയെ ദ്രോഹിക്കും മക്കളീ
മാനുഷവർഗ്ഗങ്ങൾ മാത്രമാവാം !
തന്നുടെ ദേഹത്തെച്ചീയിച്ചും പുല്ലുക-
ളമ്മക്കു ശക്തിയേച്ചേർപ്പൂ നിത്യം !!
താരുണ്യമമ്മക്കു ചേർപ്പാനല്ലെങ്കിൽ
താരുവീഴുന്നതിങ്ങെന്തിനാവോ ?
അമ്മതൻസേവനത്തിന്നു കഴിവെന്യേ-
യിമ്മന്നിൽ ജീവിതം വ്യർത്ഥംതന്നെ,"
എന്നല്ലീ വാഴകൾ കൊല്ലവും കാട്ടുന്നു ;
തന്ദേഹദാനത്താൽ മാനുഷർക്കായ് ?
വീണ്ടുമായാൺപക്ഷിയേകി, നന്മാമ്പഴം
ജായതന്മഞ്ജുകൊക്കിൽ പ്രേമപൂർവ്വം.
ചെന്തളിർ തോല്ക്കും തലചായ്ച്ച നോട്ടത്താ-
ലോതിനാൻ, "പോരുമോ ?"യെന്നുവീണ്ടും !

“പോരു”, മെന്നോതിനാൾ, ചെന്തളിർക്കൊക്കുകൊ-
ണ്ടേകിയോരുമ്മയാൽ പെൺകിളിയും !!
എന്നല്ല പുഞ്ചിരിക്കൊഞ്ചലാൽ കാന്തനെ-
ത്തഞ്ചാരത്തേക്കവളാകർഷിച്ചു.
വേപ്പു തുടച്ചിതു; ധൂളികളഞ്ഞിതു ;
ക്രുപ്പുള്ള കൊക്കിനാൽ മന്ദം മന്ദം !
“അന്യോന്യമാശ്രിതരീഞങ്ങളെപ്പോഴു-;
മെന്നല്ല, ലോകത്തിലെല്ലാവരും,
അന്യോന്യമാശ്രിത,”രെന്നല്ലീയീയിവർ
നമ്മൾക്കുകാട്ടിത്തരുന്നിതെന്നും ?
നാരികൾക്കാശ്രയം പൂരുഷന്മാരത്രേ !
പൂരുഷർക്കാശ്രയം നാരികളും !!
ഒന്നിനൊന്നാശ്രയമില്ലെങ്കിലീമന്നി-
ലൊന്നുംതന്നെ നിലനില്ക്കയില്ല.
മൺതരിയൊന്നിനേയാശ്രയിച്ചീടുന്നു
ബ്രഹ്മാണ്ഡകോടി, ഹാ! ചിത്രം !! ചിത്രം !!!
എട്ടടിക്കുന്നതു കേട്ടഞാനന്നേരം
പെട്ടെന്നു ചിന്തവിട്ടോതിയേവം,
ദംപതിമാരുടെ രാജാവാണത്രെയി-
ദ്ദംപതിമാർ—“രാജദംപതിമാർ”!

ശുഭമസ്തു.

കെ. അഷ്ടമൂർത്തി നമ്പൂതിരിപ്പാട്,

വിദ്യാർത്ഥി.

# തലയോട്.

കാലമാം പാശം ചെന്നു സൂൎയ്യനെപ്പിടികൂടി
ഭൂലോകം വിട്ടുവിപ്പാനുദ്യമിക്കുകയായി.
മൎത്ത്യരെ വിട്ടുപോവാൻ മാനസമയക്കാതെ
ശക്തിയോടെതിൎത്തു പോരാടുന്നുപകലവൻ.
അന്നേരമുജ്ജ്വലിക്കും ക്ഷാത്രതേജസ്സുകൊണ്ടോ
വിണ്ണിടം പടിഞ്ഞാറിൽത്താമ്രമായ് പ്രകാശിപ്പൂ?
ശാന്തമായ്, മൃദുലമായ്, മോഹനമായ പാട്ടാം
സ്വാന്തനവാക്യങ്ങളെ, ഭൂമിയിൽ വിതറിയും,
കാന്തനാം കടലിനെക്കാണുവാനായിക്കൊണ്ടു
സിന്ധുവൊന്നോടീടുന്നു നിൎമ്മലജലപൂൎണ്ണം.

മന്നിടമതിങ്കലെ, മിന്നൽപോൽ മറയുന്ന
മാനവസമൂഹത്തിൻ, ജീവകാലത്തെയോൎത്തും,
മാമരങ്ങളിൽ മുട്ടി മാരുതൻ പൊഴിച്ചീടും
മാധുൎയ്യമേറീടുമാമൎമ്മരഗീതം കേട്ടും
ആനദിക്കരയിൽ ഞാൻ സഞ്ചരിക്കവേ, കാലിൽ
മാനുഷശീൎഷം തട്ടി,—ഞാനതു ചവിട്ടിപ്പോയ്.
കണ്ണുകൾ, കശേരുകം, നാസിക, ശ്രവണങ്ങ,-
ളെന്നിവക്കുള്ളതായ പാഴ്കുഴികളും പിന്നെ
ചോട്ടിലെപ്പാതിപോയ വക്ത്രവു, മററങ്ങളിൽ
പററിനില്ക്കുന്നതാകും പല്ലുകളഞ്ചാറുമായ്,
അസ്ഥിനിൎമ്മിതമാകും മസ്തകമുരുളുന്നു,
ദുസ്തരംനാശത്തിൻെറ ഹസ്തതാഡനംഘോരം.

..............................................................

ഹീനജാതിജനായി, ധാന്യവും ധനങ്ങളും
സ്ഥാനമാനാദികളും വിദ്യയുമില്ലാത്തോനായ്,
പാവമാം മനുഷ്യൻെറ ശീൎഷമായിരിക്കാമീ
പാരിടംതന്നിലേവം കിടക്കുന്നതു പാൎത്താൽ.
ദേഹശക്തിയാൽ—സ്വന്തംകൈകളാൽ മാത്രമിവൻ
ദേഹിയെ ദേഹത്തിങ്കൽ നിൎത്തിരക്ഷണം ചെയ്യാൻ.
ഈമനുഷ്യൻെറ രാജധാനി താൻ ചെററക്കുടിൽ
ക്ഷോണിതാൻ കൃഷിസ്ഥലം, ദൈവമോയജമാനൻ

ഇത്തലയിങ്കൽത്തന്നെ ജീവിതകാലത്തിങ്കൽ
ശുദ്ധനാമിവനേററു വെയിലും മഴകളും.
മൃത്യു, തൻ വക്ത്രംപിളന്നെത്തിയ നേരത്തിലീ
മർത്ത്യനും പെട്ടുപോയീ—കാക്കുവാനാളില്ലാതെ.
എങ്കിലും പ്രകൃതിതൻഭാവഭേദങ്ങൾനോക്കി
പങ്കത്തിലുരുളുന്നൂ മസ്തകം ദുഷ്കർമ്മത്താൽ.

......................................................................

ഈനദിതന്നിലേതോ ക്ഷോണിപൻ തൻെറ നൌക
താണുപോയ് ചുഴിയിങ്കൽ പെട്ടുടൻ വിധിബലാൽ.
തീരമാമൃതനൃപദേഹമെത്തവേ നായ്ക്കൾ
പാരാതെ കടിച്ചിട്ടതായിടാമിക്കപാലം
നീലമാംഗഗനത്തിൽ ചന്ദ്രതാരകൾ വാഴ്കെ-
പാലാഴിപോലെ ലോകം ലോലമായ് ലസിക്കവെ-
ഉല്ലാസമോടുംകൂടി, നല്ലൊരു പൂങ്കാവിങ്കൽ
പല്ലവാംഗിമാരൊത്തു, മല്ലബാണാർത്തിതീർപ്പാൻ,
സല്ലപിച്ചിരുന്നോരു മന്നവൻ തൻെറ തല
കല്ലിലും കരടിലും മുള്ളിലുമുരുളുന്നു.
ഖഡ്ഗഘട്ടനംകൊണ്ടു പൊങ്ങിടും പൊരികളോ-
ടൊത്തുള്ള ശിരസ്ത്രവും, കാഞ്ചനവതംസവും,
മിന്നിടുംമകുടവുമേന്തി വാണിരുന്നോരു
മന്നവശിരസ്സാവാം കാണ്മതീമണ്ണിലേവം.
മററുമർത്ത്യരെക്കൊൽവാൻ ശക്തനാം ഭൂപൻ, തൻെറ
മൃത്യുവെത്തടയുവാൻ ശക്തനായ് വന്നീലല്ലോ!

......................................................................

എല്ലിനാൽ ചമച്ചുള്ള കർപ്പരമിതുമൊരു
പല്ലവാംഗിയാൾ തൻെറ മോഹനശീർഷമാവാം.
കാർമുകിൽകല്പമേകും വാർമുടിക്കെട്ടും, കാമ-
കാർമ്മുകസമാനമാം കോമളഭ്രൂകുടിയും,
വാർതിങ്കൾ തോറേറാടുന്ന വക്ത്രത്തിൻ പ്രഭാപുഞ്ജ-
പൂരത്തിൽത്തത്തിച്ചാടും മീനമാംമിഴിരണ്ടും,
ചെന്തളിരൊത്തുള്ളതാം ചൊടിയും, കഷ്ടം കഷ്ടം!
സന്ധ്യവൻതമസ്സിൽ പോൽ മൃത്യുവിൽ മറഞ്ഞുപോയ്.
കൂർത്തുമൂർത്തുള്ള സുമസായകസമൂഹമേ-
റെത്രയോ യുവചിത്തമേററവും തകർന്നുപോയ്.
പ്രേമപാവകൻമൂലം വെന്തുവെണ്ണീറായ്, ഹന്ത

കാമിനിതന്നെന്നിനച്ചെത്രയോ ഹൃദയങ്ങൾ.
എങ്കിലും പുണ്യപ്രേമം രൂപമെന്നിവ,യമ-
കിങ്കരന്മാരെത്തടഞ്ഞീടുവാനുതകീല.
അന്തകനണയുമ്പോളെന്തഹോ കാൎയ്യം നല്ല
ചെന്തളിർ തനുവൎത്ഥമെന്നിവയുണ്ടായാലും?
ഓമലിൻ മുഖമൊരുനോക്കു കാണുവാൻ മാത്രം
ജീവനെത്ത്യജിപ്പാൻ സന്നദ്ധരായ് യുവാക്കന്മാർ
ആമുഖം—തൊണ്ടിതോല്ക്കും ചുണ്ടുകളിവയെല്ലാം
മേദിനീതലത്തിങ്കൽ മണ്ണായി മറഞ്ഞുപോയ്.
പാന്ഥർതൻ ചവിട്ടേററും, പാരിതിൽ പൊടിപൂണ്ടും,
ഹന്തഭീകരമാകും മസ്തകം കിടക്കുന്നു.
നീരജദളമ്പോലെ നീണ്ടുതാം നയനങ്ങൾ
നീരസം ജനിപ്പിക്കും പാഴ്കുഴികളായ് മാറി.
മുല്ലമൊട്ടിനെ വെല്ലും പല്ലുകൾ കൊഴിഞ്ഞുപോയ്
പല്ലവാംഗിതൻ തലയെല്ലു ബാക്കിയായിപ്പോൾ.

.....................................................

.....................................................

അന്തണർ, അധഃകൃതർ, ജീവജാലങ്ങളെല്ലാം
അന്തകാന്തികമെത്തും, പിന്നെയും പിറന്നീടും.
നിശ്ചലാതലത്തിങ്കൽ നശ്വര ദേഹാൎത്ഥമായ്
തുച്ഛമാം വസ്തുക്കളെയിച്ഛിപ്പു മൎത്ത്യനെന്നും.
മൃത്യുസംഭവിക്കുന്നതെത്രയുമാശ്ചൎയ്യമെ-
ന്നോൎത്തിടും—ജീവിപ്പതാണത്ഭുതമെന്നോൎക്കാതെ.
കാലത്തിൻഭ്രമണത്താൽ പാഴ്മണൽ കാടായ്മാറും
ശൈലസന്നിഭങ്ങളാമാലയങ്ങളും കൂടി.
നിശ്ചലാനാഥൻ, നീചയാചകൻ, ജളൻ, വിദ്വാൻ,
നിശ്ചലാദേവൻ, ശൂദ്രൻ, എന്നിവരെല്ലാമൊപ്പം
നിൎജ്ജരപുരത്തിങ്കൽ ദേവദേവേശൻ തന്റെ
അന്തിമവിധികേൾപ്പാൻ മസ്തകം താഴ്ത്തിനില്ക്കും.
നീതിയെപ്പാലിച്ചീടും നീതിമന്നിയതിയും
ഭൂതലത്തിങ്കൽ കൃമിപ്രായന്മാർ മനുഷ്യന്മാർ.
വിന്ധ്യനും ഹിമവാനും മസ്തകംതാഴ്ത്തും, ഭൂമി
യന്ധകാരത്തിൽ, പാരാവാരത്തിൻകീഴിൽ താഴും.
പാവനാംഗിമാർ, മററുപേർകളെന്നിവർ, മൃത്യു
പാവകൻ തന്നിൽപെട്ടു ചാമ്പലായ് ചമഞ്ഞീടും.

മാംസവു മസ്രബിന്ദുവസ്ഥിയും മനോഹരം
മേൽതൊലിയിവയെല്ലാം മണ്ണായിമറഞ്ഞിടും.
ധരണീതലത്തിങ്കൽ വ്യക്തിനാശത്തിൽ ജാമ്യം
തരുവാനില്ലാരുമേ — നില്പാവതുമില്ലൊന്നും.
ക്ഷണഭംഗുരംദേഹം ദൈവദത്തമാണാരും
മനസിസ്മരിപ്പീല മദത്താലമ്മൂർത്തിയെ.

ഇത്തരം വിചാരിച്ചും, പാർത്തലത്തിങ്കൽകാണും
ബുദ്ധിഹീനമാം മർത്ത്യകൃത്യങ്ങൾ നോക്കിക്കൊണ്ടും,
ശോചനീയമാംതന്റെ പ്രസ്തുതനില — മററു
ജീവികൾക്കസംഭാവ്യമല്ലാത്തനിലയോർത്തും,
ഡംഭമാംപിശാചിതൻ കൈതവത്തിങ്കൽപെട്ടു
പമ്പരമ്പോലെചുററും മാനുഷന്മാരെപ്പാർത്തും,
സൈകതത്തിങ്കൽ, സിതമായതൻതലപൊക്കി
ഭീകരമാകുംവിധംദന്തങ്ങളമർത്തിയും,
രൂക്ഷമായ്നേത്രയുഗ്മഗർത്തങ്ങൾ തുറന്നഹോ
വീക്ഷണംചെയ്തും, ഭീതിബീഭത്സരസങ്ങളാൽ
പൂരിതമായചിരി — ശബ്ദമില്ലാത്തതായി
മാനുഷഹൃദയത്തിൽ ഭീതിയെവളർപ്പതായ്
എത്രയുംകഠോരമാമച്ചിരി — ചിരിക്കുന്നു
മസ്തകം — മനുഷ്യരോടിത്തരമോതീടുന്നു.

എപ്പൊഴുമുണരാതെ നിദ്രയിൽ ലയിക്കാതെ
സ്വപ്നസന്നിഭമാകും ചിന്തയെച്ചലിപ്പിച്ചും
ശാന്തതയണയാതെ, ജോലിയിൽമുഴുകുന്ന
സ്വാന്തമുണ്ടാകയാൽ നീ മാനുഷനെന്നാകിലും
നീതന്നെ മൃഗം, പക്ഷി, വൃക്ഷവും, ചെടി, പാറ,
മേദിനീധരം, മന്ദമാരുതൻ, കൊടുങ്കാററും,
തീപ്പൊരി, മിന്നൽപിണർ, പാഴ്മണൽകാടും, സസ്യ-
മെപ്പേരും വിളയുന്നദേശവും, പുഴ, തോടും,
ഈയിവക്കിടയിലും അപ്പുറത്തിലുമുള്ള-
തായവയെല്ലാമോർത്താൽ വാസ്തവംതന്നെ നീ താൻ.
ലോകനിർമ്മാണത്തിന്റെ യസ്തിവാരമായ് മഹാ
ഗോപ്യമാംതത്വത്തിന്റെ പരമാണുവാംഭാഗം
ഹേമർത്ത്യ, നിന്റെ യന്തർഭാഗമാംകോട്ടക്കുള്ളിൽ
നീ മൂടിവെക്കും തത്വത്തിന്റെ നൂറിരട്ടിയാം.
ആയതൊന്നുമേയറിയുന്നീലനീയും മഹാ

മായയിലകപ്പെട്ടു ഡംഭമോടഴലുന്നു.
വാസ്തവസൌന്ദൎയ്യത്തെ യാതൊരുത്തരും,—ഖ്യാതി
നിസ്തുലംനേടിവെച്ച ചിത്രകാരന്മാർപോലും-
തൂലികാഗ്രത്തിനാലും നല്ലുളിയാലുംതീൎത്തു
ഭൂലോകവാസികൾക്കു കാട്ടുവാനശക്തരാം.
ജാജ്വല്യമാനമാകുമാ ദിവ്യകാന്തിതന്റെ
ഏററവും ചെറിയതാംഭാഗത്തെപ്പോലും കാണ്മാൻ
എപ്പൊഴുമേകാഗ്രമാം ചിന്തയിൽലയിച്ചീടും
കെല്പെഴും തപോധനചിത്തമേ മതിയാവൂ.
ഏകനായ്‌ലോകത്തിലെ സൌഖ്യങ്ങൾ വൎദ്ധിപ്പിപ്പാൻ
പോകുന്നു പ്രകൃതിതൻ ഭണ്ഡാരംതുറപ്പാൻ നീ.
കഷ്ടപ്പെട്ടതിലല്പം കിട്ടിയെന്നാലുമതു
പെട്ടെന്നുമറഞ്ഞുപോം — നഷ്ടമാംപരിശ്രമം.
മഹത്താം പ്രകൃതിയെജ്ജയിപ്പാൻ നീ ചെയ്തിടും
പെരുത്തശ്രമങ്ങൾ ഹാ! ഭ്രാന്തർതൻ 'ഗോഷ്ഠി'യല്ലോ.
നിന്റെയീനിരന്തമാം 'ഗോഷ്ഠികൾ' പരാശക്തി
തന്റെ പേശലമാകും ലീലയായ്‌നിനപ്പൂ ഞാൻ.
ആകയാൽനാശമില്ലാതേകനായാനന്ദനായ്
പങ്കഹീനനായ് ക്ഷീരസാഗര മദ്ധ്യത്തിങ്കൽ
പള്ളികൊണ്ടീടും പരബ്രഹ്മമാംസ്വരൂപത്തെ
ഉള്ളിൽകൊള്ളിക്കനിന്റെ മാനസതാരിങ്കൽ നീ.

പി. പി. അനന്തനാരായണൻ,

പൂൎവ്വവിദ്യാൎത്ഥി.

# പുസ്തകപ്രസ്താവം.

നവീനപ്രകൃതിശാസ്ത്രം—(ഒന്നാം ഭാഗം.)

[ഗ്രന്ഥകൎത്താവ്: എസ്സ്. സുബ്ബനാരായണയ്യർ, അദ്ധ്യാപകൻ, സാമൂതിരി കോളേജ്, കോഴിക്കോട്, വില 8ണ.]

"മദിരാശി വിദ്യാഭ്യാസാധികൃതന്മാർ ഈയ്യിടെ പരിഷ്കരിച്ചു പ്രസിദ്ധപ്പെടുത്തീട്ടുള്ള പ്രകൃതിശാസ്ത്രപാഠപദ്ധതിയെ ശരിയായി അനുസരിച്ചുംകൊണ്ടു" ഒന്നാം ഫോറത്തിലെ വിദ്യാൎത്ഥികളുടെ ഉപയോഗത്തിനുവേണ്ടി വിരചിച്ചിട്ടുള്ളതാണ് പ്രസ്തുതപുസ്തകം. ഈ പുസ്തകം ഉദ്ദിഷ്ടകാൎയ്യനിൎവ്വഹണത്തിനു പൎയ്യാപ്തമായിരിക്കുമെന്നു വിശ്വസിക്കുന്നു.

സാമൂതിരി കോളേജ് പ്രിൻസിപ്പാൾ ശ്രീമാൻ എം. വി. കെ. കൃഷ്ണമേനോൻ എം. ഏ, ബി. എൽ; എൽ. ടി; അവർകൾക്കു ഈ പുസ്തകത്തെ സമൎപ്പിച്ചിട്ടുള്ളതു് സൎവ്വഥാ സമുചിതം തന്നേയാണ്.

# THE INSURANCE AGENT.

**By T. G. Seshan (Junior Intermediate.)**

IT is a fact known to most of you that the plight of an Insurance Agent is deplorable, and one that deserves our pity. Whoso hath a soft corner in his heart cannot but be sympathetic to him who is consciously working for the benefit of the world at large. The poor fellow has to take in a very bitter draught. He is forced to put up with his hard and thankless lot in life. There is no other way for him. Is it not a wonder, then, that people hate this world-worker so bitterly, and take up the work for themselves only after disappointment in all other directions?

I consider it necessary to mention here some of the qualifications which an Insurance Agent must possess if he wishes —which he so fervently and frequently does—to meet with success in his field of business. For the most part the Insurance agent ought to be a man of ready wit and good physique. By the latter I do not mean that he should be an athletic man, though even that will be no disadvantage. He must be of sound health for it would be impossible for a man of weak constitution to lead such a harassing life. That he must be a man of ready wit is of the utmost importance. It is the only sure weapon he could wield.

Further, the Insurance Agent ought to have an amiable disposition and a glib tongue. He must be malleable like Rip Van Winkle. He must be "all things to all men" if he were to achieve success in his business. He must be of a cheerful mood whenever he is on an errand of business. The first and foremost thing the Insurance Agent should understand is that no two persons have the same character. Secondly his aim at the outset should always be to make a good impression on his would-be-policy-holders. This as is evident would tax all his wit and persuasive powers. Smilingly and warily and no less diligently the Insurance Agent would draw his fatal noose closer and closer till his victim was secured fast by his neck. He will smile down rebuff and overcome prejudice and impart an air of sincere friendship to the simplest acts of business,—all this he should do to attain his end. He should have in himself such a combination of tact and courtesy as is irresistible to his victims.

He would even without any hesitation pose as your well-wisher and you would find him taking a great interest in your personal affairs. Ask him not to come any more; on the very next day he would pester you on some pretext or other with that never-failing smile on his face. "Rome was not built in a day,"—that is his motto, his consolation. Persistence and patience are the qualities we find in him. For the numerous gibes and jeers flung at him he would not care a jot. He would only laugh in his sleeve.

But his lot is a very unenviable one. He must be up and doing always. No rest, no repose! He should always be on the alert, and business should be his sole thought. Storm or sunshine, he has to see to business. To add to his anxiety he should always be in advance of his rivals. On the whole his is a nomadic irregular life with no repose of body or of mind. Even the Company's Baby Austin, at first a delight, becomes a protracted horror after a few months.

Oh! for the sake of the belly, as we say in Malayalam, one has to play many parts in this wide world.

# Dravidian Culture and Its Diffusion.*

*A REVIEW.*

By K. V. Krishna Ayyar, M. A., L. T.

TILL the publication of Mr. Kanakasabhai's *The Tamils Eighteen Hundred Years Ago*, it had been the fashion to assert that the history of India began only with the coming of the Aryans. In his historic work Mr. Kanakasabhai drew the attention of the scholars and historians for the first time to the greatness of the Dravidians of the south. Thanks to the patient and persevering labours of scholars like Messrs. Sundaram Pillai, Ponnambalam Pillai, Ramalingam Chettiar, K. G. Sesha Ayyar, Dr. Krishnaswami Ayyar and Ulloor Parameswara Iyer, we are now in a position to realise how great is our indebtedness to the civilisation and culture of ancient *Tamilakam.*

Sahityakusalan T. K. Krishna Menon's lecture on "*Dravidian Culture and Its Diffusion*" is a welcome addition to the literature that is rapidly growing up on Dravidian culture. It deserves the most careful study of both the historian and the layman. To the one it serves as a guide showing ground already explored, to the other it is a source of inspiration telling him what his ancestors had been in the past and thereby indicating what is expected of him in the future. Mr. Krishna Menon not only sums up the results so far achieved but points to new fields of enquiry for future investigation. Like the great lawyer that he is, no assertion is made which is not backed by good authority. In fact we are at a loss to decide which is more valuable and interesting—the lecture or the notes thereto.

In a review like this it is impossible to do full justice to the wealth of learning brought to bear on the problem. We have to restrict ourselves to a bald summary, embellished by a few extracts here and there. We hope the reader will avail himself of the earliest opportunity to read the lecture itself.

*The Antiquity of the Dravidian Civilisation.*

There is no doubt that the Dravidian civilisation is of hoary antiquity. "The Dravidians were in possession of India long before the Aryans came to it and had developed a civilisation independent of it." (p. 2) "The Dravidian architecture is of indigenous origin and has had its own course of evolution. The art of agriculture existed in Southern India long before the Aryans came to it." "There can be no doubt that the Aryan civilisation was greatly influenced by the Dravidians." (p. 3)

*Dravidian elements in Hindu religion.*

Modern Hinduism is a synthesis of Dravidian with Aryan elements, in which the Dravidian preponderate over the Aryan. "What is Indian religion but Dravidian religion? For the greatest deities of Hinduism were unknown to Vedic Rishis. Siva is Dakshinamurthy, a god of the south and Agasthya, the tradition goes, learned his Tamil from Siva." (p. 4).

*The navigation and commerce of the Dravidians.*

The Dravidians were a great sea-faring people and they "were mainly responsible for the early Indian trade." "The Dravidians of South India lived near the sea

---

* *Dravidian Culture and Its diffusion* by Sahityakusalam T. K. Krishna Menon, Ernakulam.

and were familiar with it. They became skilled fishermen and boat-builders. *Toni, otam, pathemar and kappal* are Dravidian words. A large proportion of the ancient trade between India and the west was carried on Indian bottoms and it seems certain that the martime enterprise of ancient India was in the hands of the Dravidians" (p. 8). "There was extensive intercourse between South India on the one side and Egypt and Babylon and Assyria" (p. 14)

*Cultural affinities with Egypt, Sumer and Crete.*

This explains the remarkable resemblances between Dravidians and other equally ancient civilisation. "Striking similarities have been observed between the non-Aryan Indian religions and the religion of Crete and Asia Minor" (p. 12) "The word Ur itself is the Tamil-Malayalam word *Ur*, meaning a town. The adoration of the mother goddess and of cows is common to ancient Egypt and Tamilakam. "Again the sacred Bull in Egypt and the Nimrod's Bull in Assyria find their Indian analogue in Siva's Bull Nandi." (p. 15)

*Dravidian civilisation in Indo-nesia.*

The civilisation of Indonesia is at bottom Dravidian. In an inscription in Siam we come across *Manigramam* and *Chappattar* (Chavethu Panikkar) so familiar to all students of Kerala history. All the alphabets of Cambuja up to the time of Yasovarman were unmistakably of the South Indian type. So also the art and architecture of Indo-China and Malayam archipelago." (p 25).

*The Nayars mainly responsible for this diffusion.*

For this diffusion of Dravidian culture the Nayars seem to have been mainly responsible. They cannot be ranked with the Sudras ; they take rank with the Kshatriyas of other parts of India. "Among the distinctive features of the ancient Nayars may be mentioned their inheritance through females, the absence of the kingly element in the early stages of their society, their worship of Durga, the Mother Goddess, and of the ancestors and Nagas and their excellence in magic, medicine and architecture" (p. 32). The resemblances between the civilisation of Cambodia and of Kerala could not have been merely fortuitous. "The matriarchal system prevailed there. Everyone has his or her hair tied up in a knot (like the Nairs). Even in arts, sports and pastimes one finds similarity between Kerala and the Hindu colonies. In Java, Siam, Bali and other places we meet with this sort of dramatic performance (our kathakali). Balinese and Javanese dances are like the Mohiniyattam of Malabar. There are pastimes in the Malayasian isles that correspond to our Pavakali (puppet show) and the Olappakuthu. Curiously enough, even our Blaveli reading exists in the Yamapata." (pp.35-37).

*Problems for further investigation.*

As we have already remarked the lecture is not a mere summing up. It also indirectly suggests new lines of enquiry. How are we to account for the cultural resemblances between Dravida desa and Sumer, Egypt and the Aegean ? Were the Dravidians, the Sumerians and the Mediterranean peoples of one and the same race as some orientalists suppose ? Again, it is conceded that the civilisation of the Indus valley was non-Aryan. We ourselves incline to the belief that further investigation will prove that it was Dravidian. The resemblances between the two cults are too many and too close to have been merely due to commercial intercourse. The Indus valley deities—Hri, Sri and Kli—are still invoked by us when we chant *Sivakavacham* and *Indrakshi* and perform *Bhagavatiseva* and *Ganapatihomam*.

It is not to be wondered however that in a lecture like this covering so wide a field we come across points about which no agreement has been reached. The

story of Perinchottudiyan Cheraladan feeding the Pandava and the Kaurava hosts is not accepted by all. Succession in the Chera dynasty does not seem to have been according to the *Marumakkathayam* system as is suggested (p. 33). Nor can we subscribe to the view that the traditional 18 *Samghams* were Nayar organisations and the difference between the Nayar and the Nambudiri was due to differences of occupation and profession only. These do not, however, impugn the validity of the main conclusions and we heartily recommend Mr. Krishna Menon's lecture to our readers.

# Personal.

I have to thank Mr. G. K. Chettur, M.A., (Oxon) for a very lovely sonnet he has sent us. It is one of a notable Sequence the poet intends to publish soon. His first work, *Sounds and Images*, was published a good many years ago when he was yet a youngster at Oxford. It was very favourably reviewed by *The Bookman* and other English literary journals. Since then he has written much, and his name is now widely known in India and England. His work is characterized by deep feeling, delicate fancy, and wonderful felicity of words. He is not, however, one of those who think that poetry should in the nature of things be doleful. He is not mawkish or sanctimonious : his feeling for life is honest and joyous and manly ; even the moods of deepest wonder and reverence have the tingle of unsubdued virility. And he has humour, spontaneous as that of a child. Talking of which, I am reminded of a small thing he threw off for his Miscellany a few years ago. *Bevunje* is not of course serious work ; and I do not suppose Mr. Chettur has given it another thought. But I know of at least one reader who has always thought it worthy of a high place in any Anthology of elegant laughter. It is not however by such a piece that Mr. Chettur will be judged. It can express merely a schoolboy mood of fun natural to a very young man to whom life had been largely a saunter along pleasant ways. His real concern is the significance of beauty, the ever-varying symphonies of colour and sound in the marvel that is the universe. His poems are increasingly full of the devout feeling that such consciousness inspires. Poets often write delightful prose ; Mr. Chettur is a master of disciplined, sparkling, and distinctive writing. He has written extensively on a variety of subjects. His sketches are by turns sober, humorous, and imaginative ; a certain haunting loveliness is in most. His most recent work, *The Last Enchantment* is about Oxford days. He has also written a valuable utility book on English composition, a craftsman's contribution to his craft, which has been really helpful to students at the Intermediate Examinations.

* * *

I must also thank the very young students (none of whom is much over fourteen) who have sent in the pictures and the articles in English. I believe our readers will agree that these contributions are quite good, especially the poem by Ramakrishnan which is amazingly clever. It is increasingly difficult to get boys to write on school or personal topics, or indeed anything but absolute piffle (usually exhortatory) on "The Present Outlook," "Industrial Regeneration of Mother Country" "Vedanta my Sole Consolation" "Vegetarianism and Soul Force"—Bunkumology of Gammonism, generally !

* * * *

The contributions in Malayalam are usually of a creditable standard. But then the writers have fewer difficulties. Indeed I am informed that current forces operating on the language tend to make writing of a certain quality possible to every man. Our contributors have our thanks: he too writes, who only writes in Malayalam.

* * *

Mr. Candeth has passed away. He was assuredly a man of genius, one of the very few this District has produced in recent times. He was a great scholar, an independent thinker, and a brilliant talker. An exceptional figure, marked by

individuality and distinction in all he said and did, he would have been outstanding in the most cultivated society anywhere in the world. He was a fine representative of the English University spirit, and viewed all questions with the engaging bias of a lofty intellectualism. To hear him on Indian or International affairs was an experience; his opinions had the authoritativeness of exact training, the judiciousness of sanity and a rare faculty for analysis, the charm and freshness of candour. He was equally great on Literature, Art, Fashions, Personalia, or indeed any subject he chose to talk about. There was no limit to his interests, and on all things he could say a good deal that was new and learnable. His genius was critical, not creative; there was a certain dour, resistant quality in his nature which instinctively felt and stood up against all forms of cant. In India at the present time, the public man has to assume certain conventional humilities, and has to tell his public what they want to hear or already know. Mr. Candeth never surrendered to the temptation either in manner or in opinion. He had the utmost distrust of the pseudo-patriotic tendencies which tamper with education and intellectual honesty, and he expressed himself with vigour on all occasions. But such was his charm and and dignity that he was universally valued even in a community which did not always think with him. I have heard disgruntled placemen confess to a feeling of admiration for him even when he showed intolerance of claims which did not come up to his exacting standards. I think I can understand the feeling: he was a combination of a severe judge, an artist in words, a man of the world, and a pleasant raconteur. I have often thought it a pity that some one did not record his table talk: it would have made up an entertaining commentary on modern life.

* * *

Mr. P. Ryru Nair, who also died recently, was a remarkable man of quite another sort. He hardly belonged to this world, and asked nothing of life except to be allowed to learn. It must be said he had his wish in abundance. He was a profound Sanskrit scholar, and absolutely the greatest authority on English Grammar this Presidency has known. A somewhat odd choice, this, of mistresses.: Sanskrit, formal, statesque queenly; English, dazzling, elusive, capricious; yet this wonderful little man mastered their various humours and moods, all by himself, getting into their very hearts and souls with the inwardness possible only to the truest lover. Part of the wonder is that he never went to school! I have never known one who was so devoted to study and so little concerned with life. The mutations of language were real and thrillful to him; human vicissitudes left him cold. The great ones of the earth were mere lay figures to be treated with tolerant amusement; the man who spoke well or wrote well was a god. Mr. Ryru Nair had mastered all the great stylists in English. But the irregular genius was a sore problem. "Passion," he used to say, "may excuse inexactness of speech; but it cannot excuse incorrect writing. That is merely an affectation,"—an almost Johnsonian dictum. Hunting down an elusive aorist through the ages, or tracing an obscure derivation gave him as much pleasure as success-hunting or pleasure-hunting gave to other men. He had no equal in elucidating delicate shades of meaning or judging the correct use of a word. The pageant of language moved through his mind in ordered glittering array from century to century. He would have been a matchless historian of that show, if he had set himself to the task. Beyond studies of this kind, he had no interest at all. Position, wealth, and influence had no significance for him. He was absolutely unvexed by any desire or ambition, and was the kindest, simplest, and purest of human beings.

* * *

Mr. V. K. Krishna Menon, M. A., L. T., who was Lecturer in English here some years ago has been appointed Professor of English, Kumbakonam College. Mr. Krishna Menon is the author of a brilliant book on the Psychology of Laughter which has occasioned some controversy because Mr. Menon's theories have challenged the Goliaths in no uncertain manner. Mr. Krishna Menon has many other interests and hobbies,—astrology, for instance,—in which he has attained surprising skill. His own proper subject is, of course, Literature, and we may expect him to produce a notable work in this direction soon. We are glad something like justice is coming his way at last.

Printed by Mr. C. Krishnan (Junior), at the Empire Press, Bank Road, Calicut, and Published by Mr. A. V. K. Krishna Menon, M. A., B. L., L. T., Calicut.

# Our Competition Page.

Eight students sent me solutions of the 'Alphabet' competition of March last. I am glad that these competitors have taken the trouble of consulting *The Concise Oxford Dictionary* but I wish that more students had taken that trouble, especially as the 'dictionary habit' is absent among the present day students. In fact, the question was set for the purpose of making them look into their dictionaries and find out words.

Of the eight solutions, two are incorrect, as in one of them, Latin words are used and in the other, words not found in *The Concise Oxford Dictionary*.

P. Unnikrishnan Nambissan of the Senior Intermediate class is entitled to the book prize, as his was the first correct solution examined by me. He uses the following seven words to bring in all the letters of the alphabet in their order :—

(1) *Absconder* (2) *Flagship* (3) *Jackal* (4) *Monopoly* (5) *Quarterstaff* (5) *Purview* (7) *Oxygenize*.

He has also given another solution with eight words. K. R. Ramakrishnan and S. Subramanian of the Senior class who deserve honourable mention have also been able to solve the question using only seven words. The words used by the former are (1) *Abscondence* (2) *Flightiness* (3) *Jackal* (4) *Monopoly* (5) *Quartermaster* (6) *Purview* (7) *Oxygenize*, while those used by the latter are (1) *Abscondence* (2) *Flightily* (3) *Jackal* (4) *Monoply* (5) *Querist* (6) *Unavowed* (7) *Oxygenize*.

'Jackal' seems to be a favourite with the competitors!

The remaining students who have sent in solutions are (1) G. Subramanian (Senior Intermediate) (2) M. Kunhunni Menon (Junior Intermediate) (3) P. Narayana Menon (Junior Intermediate) (4) V. Raghava Menon (Old Boy) and (5) M. Kunhirama Menon (Old Boy).

**MISSING LETTERS.**

| | | | | | |
|---|---|---|---|---|---|
| C | I | R | C | L | E |
| I | | | | | |
| R | | | | | |
| C | | | | | |
| L | | | | | |
| E | | | | | |

In the accompanying figure, the word formed by the letters in their order from left to right in the first row is the same as that formed by the letters in their order from top to bottom in the first column. The remaining small blank squares in the figure have to be filled in with suitable letters so that the words formed by the letters in their order from left to right in the second, third, fourth, fifth and sixth rows may be the same as those formed by the letters in their order from top to bottom in the second, third, fourth, fifth and sixth columns respectively.

[*N. B.*—Words found in '*The Concise Oxford Dictionary*' and well-known proper names may be used.]

A small dictionary will be given as a prize to the sender of the first correct solution examined by me. The competition is open only to the present students of the college who buy copies of this issue of the Magazine. Solutions must be sent to the Principal on or before the 5th November in covers marked 'Missing Letters.'

A. V. K. KRISHNA MENON.